# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 562 | 27.02.2018- ൽ മറുപടിയ്ക്ക്

## പണയാധാരം തിരിച്ച നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ- വടക്കാഞ്ചേരി ഹൗസിംങ്ങ് സഹകരണസംഘം ലിമിറ്റഡ് നമ്പർ R 690, വടക്കാഞ്ചേരി എന്ന ലിക്വിഡേഷനിലുള്ള സംഘത്തിൽ വായ്പ തുക മുഴുവൻ അടച്ച തീർത്തിട്ടും ഈട്ടു വെച്ച ആധാരം, തിരിച്ച് ലഭ്യമായിട്ടില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എത്ര പേർക്കാണ് വായ്പ തുക തിരിച്ചടച്ച് കഴിഞ്ഞിട്ടും ഇനിയും വസ്തു ആധാരം തിരിച്ച് നൽകാനുള്ളത്. അവരുടെ പേരു വിവരം വ്യക്തമാക്കാമോ; | (ബി) 14 പേർക്ക് വായ്പ തുക തിരിച്ചടച്ച് കഴിഞ്ഞിട്ടും ഇനിയും ഈട് വസ്തുവിന്റെ ആധാരം തിരിച്ച നൽകിയിട്ടില്ല. അവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കെ. പാറുക്കുട്ടി, കിഴക്കേ പറമ്പിൽ വീട്, നെടുമ്പുര പി. ഒ., ചെറുതുരുത്തി<br>2. ടി.കെ.കൃഷ്ണൻകുട്ടി, താന്നിക്കൽ വീട്, ദേശമംഗലം പി.ഒ.<br>3. കെ.വി.സ്വാമിനാഥൻ, കണ്ടുപറമ്പിൽ വീട്, കിഴക്കേമുറി, എളനാട്<br>4. പി.ജെ.അവറാച്ചൻ, പുള്ളുവൻ പറമ്പിൽ വീട്, തോണിക്കര.<br>5. കെ.കെ.ഫ്രാൻസിസ്, കണ്ണനായ്ക്കൽ വീട്, മുണ്ടത്തിക്കോട്.<br>6. പി.വി.ഔസേഫ്, പാറക്കാട്ട് ഹൗസ്, അലവിക്കുളമ്പിൽ, മേപ്പാടം, ചേലക്കര.<br>7. വി.പി. വർഗ്ഗീസ്, വള്ളിക്കടത്ത്, വെങ്ങാനെല്ലൂർ, ചേലക്കര.<br>8. സി.കെ. പ്രേംകുമാർ, ചെപ്പായിൽ വീട്, വെണ്ണൂർ പി.ഒ., പഴയന്നൂർ.<br>9. സി. തങ്കമ്മ, വെള്ളാർക്കുളം, പഴയന്നൂർ. |

10. എ. അമ്മിണിയമ്മ, അമ്പഴത്തിൽ വീട്, എളനാട്.
11. പി. എ. മേരി, ചാലക്കൽ വീട്, വേലൂർ.
12. ടി. കപ്പേലൻ, എടവൻപറമ്പിൽ, വെണ്ണൂർ പി.ഒ., പഴയന്നൂർ.
13. പി.എ.കൃഷ്ണൻ, പാറയിൽ വീട്, വടക്കാഞ്ചേരി.
14. എം. കല്ല്യാണിയമ്മ, മുളക്കൽ വടക്കൂട്ട് വീട്, വരവൂർ

| | |
|---|---|
| (സി) ഇത്രയും പേരുടെ ആധാരം തിരിച്ച് നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) വടക്കാഞ്ചേരി ഹൗസിംഗ് സഹകരണ സംഘം ഇപ്പോൾ ലിക്വിഡേഷനിലാണ്. 20.10.2000 ൽ ആണ് ലിക്വിഡേറ്റർ ചാർജ്ജ് എടുത്തിട്ടുള്ളത്. സംഘത്തിന് സ്വന്തമായി ഭൂമിയോ, മറ്റു വസ്തുവകകളോ ഇല്ല. ടി സംഘത്തിന്, സംസ്ഥാന ഹൗസിംഗ് ഫെഡറേഷനിൽ നിലവിലുള്ള വായ്പ കണക്ക് അവസാനിപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ 29.04.2016 തീയതിയിൽ എച്ച്.വി.(1) 22346/14 നമ്പർ ഉത്തരവു പ്രകാരം ഹൗസിംഗ് ഫെഡറേഷന് പലിശരഹിത വായ്പ ഇനത്തിൽ 4,94,521/- രൂപ അനുവദിച്ചിരുന്നു. വടക്കാഞ്ചേരി ഹൗസിംഗ് സഹകരണ സംഘത്തിന്റെ വായ്പ എഴുതി തള്ളുന്നതിനായി സർക്കാർ അനുവദിച്ചിട്ടുള്ള പലിശ രഹിത വായ്പ 10 വാർഷിക ഗഡുക്കളായി ഫെഡറേഷനിലേയ്ക്ക് അടയ്ക്കണമെന്നും ഫെഡറേഷൻ 10 തുല്യഗഡുക്കളായി സർക്കാരിലേയ്ക്ക് തിരിച്ചടക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ലിക്വിഡേഷനിൽ ഇരിക്കുന്ന സംഘങ്ങളിലെ വായ്പക്കാരുടെ ആധാരം ഹൗസിംഗ് ഫെഡറേഷനിൽ നിന്നും തിരിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് സംഘം ലിക്വിഡേറ്റർമാരുടെയും ഹൗസിംഗ് ഫെഡറേഷന്റെയും ഒരു യോഗം വിളിച്ചുചേർക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**